# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.**1413** 20.01.2014 ൽ മറുപടിക്ക്

## ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണം ഒരു വേറിട്ട പ്രത്യേക പ്രോജക്ടായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (എ) 01.01.2013 ൽ ബഹു. പൊതു മരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആറ്റിങ്ങൽ ബൈപാസ്സ് നിർമ്മാണം ഒരു പ്രത്യേക പദ്ധതിയായി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ദേശീയ പാത അതോറിറ്റിയെ ചുമതല പ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇതിലേക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) ബൈപാസ്സിനുവേണ്ടി 45 മീറ്റർ വീതിയിൽ (49.5 ഹെക്ടർ സ്ഥലം ആവശ്യമാണ്) അതിർത്തി കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. എൻ.എച്ച് ആക്ട് 1956 പ്രകാരമുള്ള സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായ 3 എ(1) നോട്ടിഫിക്കേഷൻ ഭാരത സർക്കാരിന്റെ 27.03.2012 ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ മണമ്പൂർ വില്ലേജിലൊഴികെ മറ്റ് സ്ഥലങ്ങളിൽ 3(ഡി) സർവ്വേ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. |
| (സി) ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണത്തിൽ നാഷണൽ ഹൈവേ അതോറിറ്റി അലംഭാവം കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ